**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2646** **23-02-2026 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ വായ്പാത്തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. രമ** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാരിന്റെ കാലയളവിൽ വായ്പാത്തട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടുള്ള സഹകരണ സ്ഥാപനങ്ങൾ ഏതെല്ലാമാണ്; സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ വായ്പാത്തട്ടിപ്പുകളിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | പ്രളയം കോവിഡ് തുടങ്ങിയ പ്രകൃതി ദുരന്തങ്ങളെ തുടർന്ന് സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തികമാന്ദ്യത്തിന്റെ പ്രതിഫലനം സഹകരണ മേഖലയിൽ ഉണ്ടാക്കിയ പ്രതിസന്ധി സഹകരണ സംഘങ്ങളിൽ ഹ്രസ്വകാല പണത്തിന്റെ അപര്യാപ്തത (Short-term liquidity crisis) സൃഷ്ടിക്കുകയും തൻമൂലം ചില സഹകരണ സംഘങ്ങൾക്ക് നിക്ഷേപങ്ങൾ നിക്ഷേപകർക്ക് യഥാസമയം തിരികെ നൽകുന്നതിൽ വീഴ്ച വരുത്തിയ സമീപകാല സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . |
| (ബി) | സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ച തുക തിരികെ കിട്ടാത്തവർക്ക് തുക നൽകുന്നതിന് സർക്കാർ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | വിവിധ കാരണങ്ങളാൽ ഒരു സംഘം തകർച്ചയിലേയ്ക്ക് പോകുന്നുവെന്ന് സഹകരണ വകുപ്പ് കണ്ടെത്തിയിട്ടുള്ള സംഘത്തിന് നിബന്ധനകൾക്ക് വിധേയമായി നിക്ഷേപകർക്ക് നിക്ഷേപം മടക്കിനൽകുന്ന ആവശ്യത്തിലേയ്ക്കായി ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തി "കേരള സഹകരണ നിക്ഷേപ ഗ്യാരന്റി പദ്ധതി -2018" ൽ ഭേദഗതി വരുത്തിക്കൊണ്ട് 09.08.2024 ലെ G.O(P) No.155/2024/Co-op നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>സർക്കാരിന്റെ 09.01.2026 ലെ G.O(P)No.9/2026/Co-Op. നമ്പർ ഉത്തരവ് പ്രകാരം നിക്ഷേപ ഗ്യാരന്റി തുകയായ 5 ലക്ഷം എന്നത് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 10 ലക്ഷം രൂപ വരെ വർദ്ധിപ്പിച്ചുകൊണ്ട് നിക്ഷേപ ഗ്യാരന്റി സ്കീം ഭേദഗതി ചെയ്ത് ഉത്തരവായിട്ടുണ്ട്.<br><br>നിക്ഷേപ ഗ്യാരന്റി ഫണ്ട് സ്കീമിൽ നിന്നും ധനസഹായം ലഭ്യമാകുന്നതിനായി സഹകരണസംഘം രജിസ്ട്രാർ ആഫീസിൽ ലഭിച്ച |

| | | | |
|---|---|---|---|
| | | | അപേക്ഷകൾ സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പരിഗണനയിലാണ്. |
| (സി) | സഹകരണ സംഘങ്ങളിൽ വായ്പാത്തട്ടിപ്പുൾപ്പെടെയുള്ള ക്രമക്കേടുകൾ നടക്കാതിരിക്കുന്നതിനായി സർക്കാർ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | സഹകരണ സംഘങ്ങളിലെ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനും കുറ്റമറ്റതാക്കുന്നതിനുമായി ടീം ആഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br><br>2023 ലെ സഹകരണ നിയമ ഭേദഗതി പ്രകാരം വായ്പ ഈട് വസ്തുവിന്റെ മൂല്യനിർണ്ണയം സംബന്ധിച്ച് വ്യസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളിലെ പരിശോധനകൾ കുറ്റമറ്റതും കാര്യക്ഷമവും സമയബന്ധിതവും ആക്കുന്നതിനായി CIMA (കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേൻ) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ മിന്നൽ പരിശോധനകൾ CIMA വഴി നടത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ 7/2025 സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>സഹകരണ സംഘം/ ബാങ്കുകളിലെ സ്വർണ്ണപ്പണയ പണ്ടങ്ങളുടെ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്തി വരുന്നു.<br><br>സഹകരണ നിയമപ്രകാരമുള്ള അന്വേഷണങ്ങളിലോ പരിശോധയിലോ ആഡിറ്റിലോ ക്രിമിനൽ സ്വഭാവമുള്ള സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം കൃത്യവിലോപം വരുത്തിയ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കുമെതിരെ ക്രിമിനൽ നിയമ പ്രകാരം നടപടി സ്വീകരിക്കുന്നതിന് സഹകരണ സംഘം രജിസ്ട്രാർ 50/2021 നമ്പരായി സർക്കുലർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഹകരണ സ്ഥാപനങ്ങളിൽ പൊതു ധനത്തിന്റേയോ ആസ്തികളുടേയോ തിരിമറികൾ ശ്രദ്ധയിൽപെട്ടാൽ പ്രസ്തുത ക്രമക്കേടിൽ ഉൾപ്പെട്ടിട്ടുള്ള തുകകൾ എത്രതന്നെയായാലും ക്രിമിനൽ നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം അന്വേഷണം നടത്തുന്നതിന് ക്രമക്കേട് ശ്രദ്ധയിൽപ്പെട്ട സഹകരണ സ്ഥാപനത്തിന്റെ ആസ്ഥാന ആഫീസിന്റെ പരിധിയിൽ വരുന്ന ലോക്കൽ പോലീസ് സ്റ്റേഷനിൽ അറിയിക്കേണ്ടതാണെന്ന് പ്രസ്തുത സർക്കുലറിൽ നിഷ്കർഷിക്കുന്നു.<br><br>കേരള സഹകരണ സംഘം (ഭേദഗതി) നിയമം, 2023 ന്റെ പശ്ചാത്തലത്തിലും സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കാലോചിതമായ |

| | | | |
|---|---|---|---|
| | | | മാറ്റങ്ങൾ അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ 28/2024 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളിന്മേലുള്ള അന്വേഷണത്തിൽ സഹകരണ വിജിലൻസിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ 35/2025 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതാണ്.<br><br>2023 ലെ സഹകരണ നിയമ ഭേദഗതിയിൽ പുതുതായി കൂട്ടിച്ചേർത്ത 68 B വകുപ്പ് പ്രകാരം ഗവൺമെന്റിനോ സഹകരണ സംഘം രജിസ്ട്രാർക്കോ ക്രമക്കേട് നടന്ന സംഘങ്ങളിൽ അന്വേഷണം നടത്തുന്നതിന് പോലീസിനോ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്കോ കൈമാറാവുന്നതാണെന്ന വ്യവസ്ഥ കൊണ്ടുവന്നിട്ടുള്ളതാണ്.<br><br>2024 സഹകരണ നിയമം ചട്ട ഭേദഗതി പ്രകാരം സഹകരണ സംഘങ്ങളിലെ ഭരണ സമതി അംഗങ്ങളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഘം ജീവനക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും പേരിൽ സംഘത്തിൽ മുൻ സാമ്പത്തിക വർഷത്തിലെ ബാധ്യത സംബന്ധിച്ചുള്ള വിവരം വെളിപ്പെടുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ